
**ഹസാരെയുടെയും രാംദേവിന്റെയും സമരത്തിന് കിട്ടിയ മാധ്യമപ്രീതി എന്തുകൊണ്ട് ഇറോം ഷർമിളയ്ക്കും മേധയ്ക്കും കിട്ടാതെ പോയി എന്ന് നിരീക്ഷിക്കുന്നു പി.എം. ജയൻ**

# പബ്ലിക്റിലേഷൻ സമരങ്ങളുടെ പിന്നാമ്പുറം

**മുൻകാലങ്ങളിലെ** സമരങ്ങൾക്കെല്ലാം ഈ കാണുന്ന തരത്തിൽ മുന്നൊരുക്കങ്ങൾ ഉണ്ടായിരുന്നോ? ഒറ്റപ്പെട്ട ചില സമരങ്ങളൊഴിച്ചാൽ മറ്റെല്ലാം നിർണ്ണായകഘട്ടത്തിൽ ഒരു ഗതിയുമില്ലാതെ പ്രദേശത്തുകാരോ വിഷയവുമായി ബന്ധപ്പെട്ടവരോ സമരരംഗത്തേക്ക് എടുത്തുചാടാറല്ലേ പതിവ്. അതിനാൽതന്നെ സമരം തുടങ്ങി ദിവസങ്ങൾ കഴിഞ്ഞ് വല്ല അത്യാഹിതമോ മറ്റോ വന്നുപെട്ടാലേ അക്കാലത്തെ മാധ്യമങ്ങൾ അവ റിപ്പോർട് ചെയ്യാറുള്ളൂ എന്നതാണ് വസ്തുത.

എന്നാൽ കാലം മാറുകയും ജീവിതത്തിന്റെ സമസ്തമേഖലകളും മാധ്യമകേന്ദ്രീകൃതമാവുകയും ചെയ്തതോടെ സമരങ്ങൾ ആസൂത്രണം ചെയ്യുന്നതിനും വലിയ മാറ്റങ്ങൾ വന്നുപെട്ടു. അതായത് ഇന്ന് ഒരു സമരം നടത്തുന്നതിനു മുമ്പ് പത്രസമ്മേളനം വിളിച്ചാൽ മാത്രം പോര, സമരക്കാർ ആദ്യംതന്നെ നല്ലൊരു പബ്ലിക്റിലേഷൻ വക്താവിനെ നിയോഗിക്കുകയും കൂടി വേണം. ആ വ്യക്തിയോ അല്ലെങ്കിൽ സംഘമോ സമരത്തിനു മുമ്പേ നല്ല നിലയിൽ ഇടപെടുകയും ചെയ്താലേ സമരം വിജയിച്ചെന്നുപറയാനും കഴിയൂ. അപ്പോൾ സമരത്തിന്റെ വിഷയത്തിനപ്പുറം മാധ്യമങ്ങൾക്ക് വേണ്ട വിധം എരിവും പുളിയുമാർന്ന തരത്തിൽ സമരം ആസൂത്രണം ചെയ്യണം. അങ്ങിനെ വരുമ്പോൾ സമരത്തിന്റെ പിന്നിലെ വിഷയത്തിനേക്കാളും പ്രധാന്യം ഈ പബ്ലിക്റിലേഷൻ ഇടപാടിന് കഴിയുകയും ചില സമരങ്ങൾക്ക് നല്ല മൈലേജ് കിട്ടുകയും ചെയ്യും. (അന്നാഹസേരയുടെയും ബാബാ രാംദേവിന്റെ സമരത്തിന് കിട്ടിയ മാധ്യമപ്രീതി എന്തുകൊണ്ട് ഇറോം ഷർമിളയുടെയും മേധാപട്ക്കറുടെയും നിരാഹാരസമരങ്ങൾക്ക് കിട്ടാതെ പോയതെന്തേ?) പരസ്യങ്ങൾക്കും മറ്റു വിനോദപരിപാടികൾക്കും കിട്ടുന്ന റേറ്റിംഗ് ഇപ്പോൾ ചില വാർത്താചാനലുകളിലെ പരിപാടികൾക്ക് കിട്ടുന്നതെന്തേ? ഏറെ ഗൗരവത്തോടെ സമീപിക്കേണ്ട വാർത്താധിഷ്ഠിത പരിപാടികൾ ഏറെ




ബാബാ രാംദേവിനേയും അന്നാ ഹസാരയേയും പിന്തുണയ്ക്കണമെന്ന് ആവശ്യപ്പെട്ട് വൺക്ലിക്ക് ഹാപ്പിനസ് എന്ന ബ്ലോഗിൽ വന്ന ചിത്രം. ഷോലെ എന്ന ഹിന്ദി സിനമയിലെ രംഗത്തോട് സാദൃശ്യപ്പെടുത്തിയാണ് ഈ ചിത്രം നിർമ്മിച്ചിരിക്കുന്നത്

ആനന്ദദായകമായി കാണാൻ കഴിയുന്നു എന്നതല്ലേ അതിന്റെ ചുരുക്കം. ഇതേ ഗതി ഇന്ത്യയിൽ ചില സമരങ്ങൾക്കും ലഭിക്കുകയാണോ എന്ന് അന്നാഹസാരേയ്ക്കും ബാബാരാംദേവിനും വിവിധ മാധ്യമങ്ങൾ നൽകിയ അമിത പ്രാധാന്യം കാണുമ്പോൾ ചിന്തിക്കേണ്ടിവന്നിരിക്കുന്നു. ഇന്ത്യൻ ഭരണകൂടം പെട്ടിരിക്കുന്ന അഴിമതിക്കും ജീർണ്ണതയ്ക്കുമെതിരെ ഇവർ ഉന്നയിക്കുന്ന വിഷയത്തിന്റെ വ്യാപ്തിയും ഗൗരവവും കുറച്ചുകാണുകയല്ല. ഇത്തരം സംശയം ഉയർന്നുവരുന്നതിന് ചില കാരണങ്ങൾ മുന്നോട്ടുവെക്കാം. വിഷയങ്ങൾ വ്യത്യസ്തമാണെങ്കിലും തികച്ചും ഗാന്ധിയൻ രീതിയിൽ 10 വർഷത്തിനുമീതെയായി മണിപ്പൂരിൽ ഇറോം ഷർമിള നടത്തിവരുന്നതും ഈയിടെ മുംബയിൽ മേധാപട്ക്കർ നടത്തിയതുമായ സമരങ്ങൾക്ക് മുകളിൽ പറഞ്ഞ സമരങ്ങൾക്കു ലഭിച്ച മാധ്യമശ്രദ്ധ കിട്ടിയില്ല എന്നത് വസ്തുതയാണ്. ഈ വിഷയം വിചാരണ ചെയ്യപ്പെടുമ്പോഴാണ് ഇന്ത്യൻ ജനതയെ അഴിമതിക്കെതിരായി ശക്തമായി ചിന്തിപ്പിക്കാൻ പര്യാപ്തമായ അന്നാഹസാരെയുടെ സമരത്തിലും ബാബാരാംദേവിന്റെ സമരത്തിനും പിന്നിൽ മറഞ്ഞുകിടക്കുന്ന പ്രതിലോമത നാം തിരിച്ചറിയുന്നത്.

ഇന്ത്യൻ ജനതയിൽ മഹാഭൂരിപക്ഷവും വേണ്ടത്ര കേട്ടിട്ടില്ലാത്ത രണ്ടു വ്യക്തികളെയും ഒരു സുപ്രഭാതത്തിൽ ഇന്ത്യയെ രക്ഷിക്കാനെത്തിയ സമരനായകരായി ചിത്രീകരിച്ച അതേ

മാധ്യമങ്ങൾതന്നെ ഇതേ സമരക്കാരുടെയും സമരത്തെയും പൊളിക്കുന്ന കഥകളും വാർത്തയാക്കുകയാണ്. അന്നഹസാരെയുടെ ഹൈടെക് സമരം ടാറ്റ പോലുള്ള വൻകിട കോർപ്പറേറ്റുകൾ സ്പോൺസർ ചെയ്തതാണെന്ന ആക്ഷേപത്തിന് കൃത്യമായി മറുപടി പറയാൻ അദ്ദേഹത്തിന് കഴിഞ്ഞിട്ടില്ല. വംശഹത്യയ്ക്ക് നേതൃത്വം കൊടുത്ത ഗുജറാത്ത് മുഖ്യമന്ത്രി നരേന്ദ്രമോഡിയെ പുകഴ്ത്തിയപ്പോഴും അദ്ദേഹത്തിന്റെ സമരത്തിന് മങ്ങലേറ്റു.

ജനലോക് പാൽ ബില്ലിനു വേണ്ടിയാണ് അന്നാഹസാരെ സമരം നടത്തിയതെങ്കിൽ പിന്നീട് ബാബാരാംദേവ് രംഗപ്രവേശം ചെയ്തത് കള്ളപ്പണത്തിനും അഴിമതിക്കുമെതിരെയായിരുന്നു. സ്വദേശിവത്ക്കരണത്തിന് മുൻഗണന കൊടുത്ത ഈ യോഗിതന്നെ വിദേശ ഉത്പ്പന്നങ്ങളടക്കമുള്ള എല്ലാ ആധുനിക സംവിധാനങ്ങളുപയോഗിച്ചാണ് ഹൈടെക്സമരം ആസൂത്രണം തുടങ്ങിയത്. സമരത്തിന്റെ പിന്നിലുള്ള സാമ്പത്തിക ഇടപാട് മുൻനിർത്തിയാണ് പിന്നീട് അദ്ദേഹത്തിനെതിരെ ആരോപണമുയർന്നത്. ചുരുക്കം കാലം കൊണ്ട് കോടികളുടെ സ്വത്തിനുടമയാകാൻ ഈ യോഗിക്ക് എങ്ങിനെ കഴിഞ്ഞു എന്ന ചോദ്യം ഇപ്പോഴും ഉത്തരം കിട്ടാതെ നിൽക്കുന്നു. ഈ രണ്ട് ഹൈടെക് (സമരങ്ങളിൽപോലും ലാളിത്യത്തിന് മുൻഗണന കൊടുത്ത ഗാന്ധിയെ അപമാനിക്കാൻ ഇതിലും വലിയ മാർഗ്ഗം വേറെയില്ല) സമരത്തിനും ആദ്യം കിട്ടിയ പിന്തുണ പിന്നീട് നഷ്ടപ്പെടുന്നു എന്നത് വ്യക്തം. ന്യൂജനറേഷൻ മാധ്യമങ്ങളായ സോഷ്യൽനെറ്റുവർക്കുകളുടെ പിന്തുണയുണ്ടായിട്ടും ഇത്രപെട്ടെന്ന് ഈ രണ്ടു സമരങ്ങളുടെയും വിശ്വാസ്യത ചോർന്നുപോകുമ്പോൾ ഇരുവരും ഉന്നയിച്ച വിഷയത്തിന്റെ ഗൗരവം നഷ്ടപ്പെടുകയാണ് ചെയ്തത്.

കൃത്യമായ രാഷ്ട്രീയ അടിത്തറ ഇല്ലാതെയും സ്ഥാപിത രാഷ്ട്രീയതാൽപ്പര്യം ഒളിച്ചുവച്ചും (രണ്ടു സമരങ്ങൾക്കു പിന്നിലും ഇന്ത്യയിലെ പ്രതിപക്ഷമായ ബി.ജെ.പി നൽകുന്ന അമിത പിന്തുണ) നടക്കുന്ന സമരങ്ങൾ ഭരണകൂടത്തെ കൃത്യമായി മുറിവേൽപ്പിക്കാറില്ല. അതാണ് അന്നാഹസാരെയുടെ സമരം തുടങ്ങിയപ്പോൾതന്നെ പേടിച്ചുവിറച്ച ഭരണകൂടത്തിന് ബാബാരാംദേവിന്റെ സമരത്തോടെ പൊട്ടിച്ചിരിക്കാൻ വകയുണ്ടായി. ചുരുക്കത്തിൽ ഈ സമരങ്ങളെല്ലാം പരാജയം സ്വയം ആർജിച്ച് മുന്നോട്ടുവരുന്ന സമരങ്ങളല്ലേ എന്ന് സംശയിക്കേണ്ടതാണ്. സമരനേതാക്കളുടെ വ്യക്തിത്വവും സത്യസന്ധതയും ഏത് നിമിഷവും വിചാരണ ചെയ്യപ്പെടുന്ന കാലത്ത് ഇത്തരം സമരങ്ങൾ ആത്യന്തിക ലക്ഷ്യത്തിലെത്തില്ലെന്ന് ഭരണകൂടത്തിനും അതിനു കൂട്ടുനിൽക്കുന്ന മാധ്യമങ്ങൾക്കും അറിയാം. അതുകൊണ്ടല്ലെ ധാർമികതയെയോ വ്യക്തിത്വത്തെയോ ചോദ്യം ചെയ്യാനാകാത്തവണ്ണം ഇന്ത്യയിൽ ഇതിനകം കരുത്താർജ്ജിച്ച ഈറോം ഷർമിളയെയും മേധാപട്ക്കറെയും മാധ്യമങ്ങളും ഭരണകൂടവും തിരിഞ്ഞുനോക്കാത്തത്.

അത്യധികം ഗൗരവമുള്ള വിഷയം കൈകാര്യം ചെയ്യുന്ന വ്യത്യസ്ത സമരങ്ങളെ (നാലും ഗാന്ധിയൻ സമരരീതി) താരതമ്യം ചെയ്യുമ്പോൾ ചില സമരങ്ങൾക്കുള്ള ദൗർബല്യം എന്താണെന്ന് ആഴത്തിൽ പഠിക്കേണ്ടതുണ്ട് എന്ന ചില സൂചനകളും സംശയങ്ങളുമാണ് മുകളിൽ ചൂണ്ടിക്കാട്ടിയത്. മാധ്യമങ്ങളുടെ പിന്തുണയിലൂടെ വരുന്നവരെ, വൻജനപ്രീതി നേടിയവരെ ഉൾപ്പെടുത്തിയതുകൊണ്ടുമാത്രം ലോക്പാൽ ബിൽ പ്രയോഗിക്കാമെന്നോ അഴിമതി നിർമാർജ്ജനസമരം പൂർത്തീകരിക്കുമെന്നോ കരുതാനാകില്ല. മാധ്യമ – ജനപ്രീതിക്കപ്പുറം ഭരണകൂടത്തിന്റെ ഏത് വിമർശനത്തിനു മുന്നിലും കാലിടറാതെ നിൽക്കാവുന്ന ലീഡർഷിപ്പും വർഗബോധവും ആഴത്തിൽ വേണ്ടതുണ്ട്. സമരനേതാക്കൾക്കും സമരത്തിനും ഈയൊരു ഗുണമുണ്ടെങ്കിൽ എത്ര നീണ്ടുപോയാലും ഗാന്ധിയൻസമരമായാലും ലക്ഷ്യപ്രാപതിയിലെത്തുമെന്നാണ് സമരചരിത്രങ്ങൾ കാണിച്ചുതരുന്നത്.

*(മാധ്യമപ്രവർത്തകൻ)*

## ഉപവാസത്തെക്കുറിച്ച് ഇറോം ശർമ്മിള



**മരണം വരെയുള്ള ഉപവാസം എന്തിനാണ്?**
ആ ഒരു മാർഗം മാത്രമേ എനിക്കാവുമായിരുന്നുള്ളൂ. കാരണം നിരാഹാര സമരം ആത്മീയതയെ അടിസ്ഥാനമാക്കിയുള്ള കാര്യമാണ്.

**അത് ആരോഗ്യത്തെ, ശരീരത്തെ പ്രതികൂലമായി ബാധിക്കില്ലേ?**
അത് കാര്യമാക്കുന്നില്ല... നമ്മളെല്ലാവരും മരണമുള്ളവരല്ലേ.


**ഇതാണ് ശരിയായ മാർഗ്ഗമെന്ന് ഉറച്ച് വിശ്വസിക്കുന്നുണ്ടോ? ഇതൊരുതരംശാരീരികമായ പീഢനമല്ലെ?**
ഇത് പീഢനമല്ല. ശിക്ഷയുമല്ല. ഇത് എന്നിൽ അർപ്പിതമായ കർത്തവ്യമായി ഞാൻ കരുതുന്നു.

**മരണം വരെയുള്ള നിരാഹാരത്തിലൂടെ നിങ്ങൾ ആത്മഹത്യയ്ക്ക് ശ്രമിക്കുകയാണെന്ന് സർക്കാർ പറയുന്നു. ആത്മഹത്യാശ്രമം കുറ്റമല്ലേ?**
അവരങ്ങനെ ചിന്തിക്കുന്നുണ്ടാവാം. എന്തു സാഹചര്യമുണ്ടായാലും ആത്മഹത്യചെയ്യാൻ എനിക്ക് താത്പര്യമില്ല. ഞാനൊരു മരണവ്യാപാരിയായിരുന്നെങ്കിൽ നമുക്കിപ്പോൾ എങ്ങനെ സംസാരിക്കാനാവും? എന്റെ നിരാഹാരത്തിന് ഒരർത്ഥമുണ്ട്, അതാവശ്യവുമാണെന്ന് തോന്നി.കാരണം ഇതല്ലാതെ മറ്റൊരു മാർഗവും ശക്തമായ പ്രതിഷേധം പ്രകടിപ്പിക്കാൻ എനിക്കില്ല.

**എത്ര നാൾ ഇത് തുടരാനാണ് തയ്യാറെടുക്കുന്നത്?**
എനിക്കറിയില്ല. എന്നാലും എനിക്കു പ്രതീക്ഷയുണ്ട്. സത്യത്തിനുവേണ്ടിയാണ് ഞാൻ നിലകൊള്ളുന്നത്. സത്യം വൈകിയാണെങ്കിലും വിജയം നേടുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. ദൈവം എനിക്കതിനുള്ള ധൈര്യം തരുന്നു. അതുകൊണ്ടാണ് ഈ കൃത്രിമമായ ട്യൂബിന്റെ സഹായത്താൽ ഞാൻ ഇപ്പോഴും ജീവനോടെയിരിക്കുന്നത്.

(ചലച്ചിത്രകാരൻ പങ്കജ് ബുട്ടാലിയ നടത്തിയ സംഭാഷണത്തിൽ നിന്നും)

### പുസ്തകം കൈപ്പറ്റി




**ഇറോം ശർമ്മിള**
**പതിറ്റാണ്ടുകൾ നീണ്ട പോരാട്ടം**
ബി. ശ്രീജിത്ത്

പ്രസാധനം: മാതൃഭൂമി ബുക്സ്
വില: 95 രൂപ